# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്റ്റ് കമ്മിറ്റി XIV
## (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ
## (HOME AFFAIRS)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**രണ്ടാമത് റിപ്പോർട്ട്**
**(2017-18)**

**SECOND REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2017-18)**

2017 ഏപ്രിൽ 25-ാം തീയതി സമർപ്പിച്ചത്
(Presented on 25th April, 2017)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIV

# (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ

## (HOME AFFAIRS)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
രണ്ടാമത് റിപ്പോർട്ട്
(2017-18)

SECOND REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2017-18)

414/2017.

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന .. | v |
| അവതാരിക .. | vii |
| റിപ്പോർട്ട് .. | 1 |

# സബ്ജക്ട് കമ്മിറ്റി XIV
## (ആഭ്യന്തര കാര്യങ്ങൾ)
## (2016-2018)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

<u>പ്രത്യേക ക്ഷണിതാവ്</u> :

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്ക്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. വി. എസ്. അച്ചുതാനന്ദൻ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. കെ. എം. മാണി

ശ്രീ. സി. കെ. നാണു

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. രാജു എബ്രഹാം

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി.

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി.

# അവതാരിക

2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2017 മാർച്ച് 21, 28 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു :

| | |
|---|---|
| ധനാഭ്യർത്ഥന നമ്പർ II | —സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ |
| ധനാഭ്യർത്ഥന നമ്പർ III | —നീതിന്യായ നിർവ്വഹണം |
| ധനാഭ്യർത്ഥന നമ്പർ IV | —തെരഞ്ഞെടുപ്പുകൾ |
| ധനാഭ്യർത്ഥന നമ്പർ XII | —പോലീസ് |
| ധനാഭ്യർത്ഥന നമ്പർ XIII | —ജയിലുകൾ |
| ധനാഭ്യർത്ഥന നമ്പർ XIV | —സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും |
| ധനാഭ്യർത്ഥന നമ്പർ XVII | —വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം |
| ധനാഭ്യർത്ഥന നമ്പർ XXIII | —വാർത്താവിതരണവും പ്രചരണവും |
| ധനാഭ്യർത്ഥന നമ്പർ XXIV | —തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും |
| ധനാഭ്യർത്ഥന നമ്പർ XXXVII | —വ്യവസായങ്ങൾ |
| ധനാഭ്യർത്ഥന നമ്പർ XLI | —ഗതാഗതം |

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി യോഗത്തിൽ പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്ന് ആവശ്യമായ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തിക പരിമിതികൾക്ക് വിധേയമായും സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

2017 ഏപ്രിൽ 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പിണറായി വിജയൻ,
*ചെയർമാൻ,*
സബ്ജക്ട് കമ്മിറ്റി *XIV*.

തിരുവനന്തപുരം,
2017 ഏപ്രിൽ 11.

# റിപ്പോർട്ട്

2016 ജൂലൈ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ (ഭാഗം II) പ്രകാരം പതിനാലാം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1) പ്രകാരം 2017-18 സാമ്പത്തിക വർഷ ബഡ്ജറ്റ് ധനാഭ്യർത്ഥനകളിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയനിർണ്ണയ സമിതിയുടെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകൾ, 2017 മാർച്ച് 21, 28 എന്നീ തീയതികളിൽ യോഗം ചേർന്ന് സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകളുടെയും ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച അധിക വിവരങ്ങളുടെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ധനാഭ്യർത്ഥന സംബന്ധിച്ചുമുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ II—സംസ്ഥാനഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

വോട്ട് ചെയ്തത് : 714,16,36,000 രൂപ

ചാർജ്ജ് ചെയ്തത് : 203,13,66,000 രൂപ

2013—മന്ത്രിസഭ

2013-00-101-99—മന്ത്രിമാരുടെ ശമ്പളം

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വിഹിതം - 40 ലക്ഷം രൂപ

1. മുൻവർഷത്തെ നിരവധി ക്ലെയിമുകൾ അനുവദിച്ച് നൽകേണ്ടതുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2013-00-108-99—സഞ്ചാരചെലവുകൾ

04-01—യാത്രാ ബത്ത

വിഹിതം - 2 കോടി രൂപ

2. മുൻ സാമ്പത്തിക വർഷത്തെ 50 ലക്ഷം രൂപയുടെ ബില്ലുകൾ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും നൽകേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2051—പബ്ലിക് സർവ്വീസ് കമ്മീഷൻ

2051-00-102-99—പബ്ലിക് സർവ്വീസ് കമ്മീഷൻ

വിഹിതം : 192,97,52,000 രൂപ

3. പബ്ലിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയ തുക സമിതി പരിശോധിച്ചു. കമ്മീഷന്റെ ഓഫീസുകളുടെയും ചെയർമാന്റെ ഔദ്യോഗിക വസതിയുടെയും വാടക, പി.എസ്.സി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവുകൾ, കമ്മീഷന്റെ ഓഫീസുകളിൽ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതായ ചെറുകിട മരാമത്ത് പണികൾ, ഓഫീസ് ഉപകരണങ്ങളുടെ സംരക്ഷണം, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീയിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 06-വാടക, കരം, നികുതി എന്ന ഇനത്തിൽ 27 ലക്ഷം രൂപയും, 07-പ്രസിദ്ധീകരണങ്ങൾ എന്നയിനത്തിൽ 62 ലക്ഷം രൂപയും, 17-ചെറുകിട മരാമത്തു പണികൾ എന്നയിനത്തിൽ 2 കോടി രൂപയും, 18-സംരക്ഷണം എന്നയിനത്തിൽ 50 ലക്ഷം രൂപയും, 21-മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നയിനത്തിൽ 5,80,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. വിവിധ തസ്തികകളിലായി 60 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന പരീക്ഷകൾ, ശാരീരികക്ഷമതാ പരിശോധന, ഡ്രൈവിംഗ് ടെസ്റ്റ് തുടങ്ങിയവ ഈ സാമ്പത്തിക വർഷം നടത്തേണ്ടതുള്ളതിനാൽ '28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ' എന്ന ഇനത്തിൽ 10 കോടി രൂപയും '34-മറ്റുചെലവുകൾ' എന്ന ഇനത്തിൽ 2 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052—സെക്രട്ടേറിയറ്റ് പൊതുസർവ്വീസുകൾ

2052-00-090-99—അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്

വിഹിതം - 131,46,29,000 രൂപ

5. അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം നടപ്പുവർഷത്തെ ചെലവുകൾക്ക് പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയുണ്ടായി. ആയതിനാൽ 05-3 ടെലഫോൺ ചെലവ് എന്ന ഇനത്തിൽ 30 ലക്ഷം രൂപയും 06-വാടക, കരം, നികുതി എന്ന ഇനത്തിൽ 8 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-94—പാകിസ്ഥാനിലേയും മറ്റു വിദേശ രാജ്യങ്ങളിലേയും പൗരൻമാരെ സംബന്ധിച്ച ഏജൻസി ജോലികൾ

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വിഹിതം - 10,000 രൂപ

6. 2016-17 വർഷം 22,356 രൂപ ചെലവ് വന്നിട്ടുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 20,000 രൂപ ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-72—കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ പേഴ്സണൽ സ്റ്റാഫിന്റെ വേതനവും അലവൻസുകളും

01—ശമ്പളം

വിഹിതം - 1,77,87,000 രൂപ

7. നിലവിലുള്ള എം.പി.-മാരുടെ പേഴ്സണൽ സ്റ്റാഫിന് വർദ്ധിപ്പിച്ച നിരക്കിലുള്ള ശമ്പളം നൽകേണ്ടത് കണക്കിലെടുത്ത് 13 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

02—വേതനം

വിഹിതം - 60 ലക്ഷം രൂപ

8. എം.പി.മാരുടെ ഡ്രൈവർമാരുടെ ശമ്പള ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-092-88—കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

വിഹിതം - 4,69,39,000 രൂപ

9. നടപ്പ് സാമ്പത്തിക വർഷം വിവരാവകാശ കമ്മീഷന് ടെലഫോൺ ചെലവ്, വിവരസാങ്കേതികവിദ്യ എന്നീയിനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 05-3-ടെലഫോൺ ചെലവ് എന്ന ഇനത്തിൽ 1 ലക്ഷം രൂപയും 99-വിവരസാങ്കേതികവിദ്യ എന്ന ഇനത്തിൽ 49,99,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-73—പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്

36—സഹായധനം

വിഹിതം - 87,25,000 രൂപ

10. നടപ്പ് വർഷം ലക്ഷ്യമിട്ടിരിക്കുന്ന പരിപാടികൾ പൂർത്തിയാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1,43,50,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-66—സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻ ഹൗസ് ട്രെയിനിംഗ്

വിഹിതം - 4,40,000 രൂപ

11. നിശ്ചയിച്ചിട്ടുള്ള പരിശീലന പരിപാടികൾ സുഗമമായി നടത്തുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 7,80,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-95—നിയമവകുപ്പ്

വിഹിതം - 20,34,90,000 രൂപ

12. അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയുണ്ടായി. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 01—ശമ്പളം | - | 70,00,000 രൂപ |
| 04-1 —യാത്രാബത്ത | - | 1,24,000 രൂപ |
| 04-2—സ്ഥലംമാറ്റ ബത്ത | - | 40,000 രൂപ |

| | | |
|---|---|---|
| 04-4—അവധി യാത്രാനുകൂല്യം | - | 2,00,000 രൂപ |
| 05-3—ടെലഫോൺ ചെലവ് | - | 47,000 രൂപ |
| 21-1—വാഹനം വാങ്ങൽ | - | 8,00,000 രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 70,000 രൂപ |
| 45—പി.ഒ.എൽ. | - | 61,000 രൂപ |

2251—സെക്രട്ടേറിയറ്റ് സാമൂഹ്യ സർവ്വീസുകൾ

2251-00-090-99—സെക്രട്ടേറിയറ്റ്

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വിഹിതം - 19,80,000 രൂപ

13. മുൻ സാമ്പത്തിക വർഷത്തെ 5 ലക്ഷം രൂപയുടെ ബില്ലുകൾ കുടിശ്ശികയായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451—സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ

3451-00-090-97—നിയമ ഓഫീസുകൾക്ക് കോടതി കേസുകളുടെ മോണിറ്ററിംഗ് സൊല്യൂഷൻ (പദ്ധതി)

വിഹിതം - ഇല്ല

14. ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-101-87 (01) – വിവരസാങ്കേതികത്വ സർവ്വീസ് സൊസൈറ്റി (പദ്ധതി)

വിഹിതം - 99,43,00,000 രൂപ

15. സംസ്ഥാനത്തിന്റെ ഐ.ടി. നയം വിഭാവനം ചെയ്യുന്ന പ്രകാരം പദ്ധതികൾ (ഇ-ഓഫീസ് പദ്ധതി, പബ്ലിക് വൈ-ഫൈ പദ്ധതി, ഡിജിറ്റൽ എംപവർമെന്റ് പദ്ധതി) ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി 21,52,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-101-62—നാഷണൽ ഇ-ഗവേണൻസ് ആക്ഷൻ പ്ലാൻ (പദ്ധതി)

വിഹിതം - 42,69,00,000 രൂപ

16. കോമൺ സർവ്വീസ് സെന്റർ പദ്ധതിയുടെ നടത്തിപ്പിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 4,85,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-101-69—സംസ്ഥാന പരിശീലനനയം - പരിശീലന പരിപാടി (പദ്ധതി)

വിഹിതം - 13 കോടി രൂപ

17. സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയുടെ ഭാഗമായി 2017-18 വർഷത്തിൽ ആകെ 18 ദിവസം വീതം ദൈർഘ്യമുള്ള 15 പരിശീലന പരിപാടികൾ ഇൻഡക്ഷൻ പരിശീലനത്തിന്റെ കീഴിൽ നടത്തുവാൻ ഉദ്ദേശിക്കുന്നതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 19,08,50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-090-91—സർക്കാർ സർവ്വീസിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള പൊതുഫണ്ട് (പദ്ധതി)

വിഹിതം - ഇല്ല

18. സർവ്വീസിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള പൂൾഡ് ഫണ്ട് (പ്ലാൻ) എന്ന ശീർഷത്തിൽ ആരംഭിച്ചിട്ടുള്ള ഫണ്ടിൽ നിലവിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. വകുപ്പുകൾക്ക് പരിശീലന സൗകര്യവും മറ്റ് അടിസ്ഥാന സൗകര്യവും ഒരുക്കുന്നതിന് വിവിധ വകുപ്പുകളുടെ പരിശീലന സ്ഥാപനങ്ങൾക്കായി 7 കോടി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ III—നീതിന്യായ നിർവ്വഹണം

വോട്ടുചെയ്യുന്നത് : 723,77,81,000 രൂപ

ചാർജ്ജ് ചെയ്യുന്നത് : 127,03,14,000 രൂപ

2014—നീതിന്യായ നിർവ്വഹണം

2014-00-114-98—ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർ മാർക്കുള്ള ഫീസും

28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

വിഹിതം - 9,32,82,000 രൂപ

19. നിയമവകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ശമ്പളം, ആഭ്യന്തര വകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർമാരുടെ പ്രതിഫലം, ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസ വേതനം, ഇന്ധനച്ചെലവ് എന്നീ ചെലവുകൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-114-93—കേരള സംസ്ഥാന നിയമ സഹായ സമിതി

വിഹിതം - 17,06,60,000 രൂപ

20. അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 2,00,000 രൂപ |
| 04-1—യാത്രാബത്ത | - | 2,20,000 രൂപ |
| 04-02—സ്ഥലംമാറ്റബത്ത | - | 88,000 രൂപ |
| 05-3—ടെലഫോൺ ചെലവ് | - | 3,00,000 രൂപ |
| 05-4—മറ്റിനങ്ങൾ | - | 2,00,000 രൂപ |
| 06—വാടക, കരം, നികുതി | - | 8,17,000 രൂപ |
| 21—മോട്ടോർ വാഹനങ്ങൾ | - | 112,00,000 രൂപ |
| 21-1—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | | 1,87,000 രൂപ |
| 34—മറ്റ് ചെലവുകൾ | - | 7,00,00,000 രൂപ |

2014-00-114-92—സ്ഥിര ലോക് അദാലത്ത്

വിഹിതം - 99,25,000 രൂപ

21. ഈ ശീർഷകത്തിലെ 01-4 മെഡിക്കൽ റീഇംബേഴ്സ്മെന്റ്, 05-3 ടെലഫോൺ ചെലവ് എന്നീ ഇനങ്ങളിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഓരോന്നിലും യഥാക്രമം 84,000 രൂപ, 20,000 രൂപ എന്നിങ്ങനെ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-116-99—കേരള ഭരണ നിർവ്വഹണ മദ്ധ്യസ്ഥ കോടതി

വിഹിതം - 6,78,80,000 രൂപ

22. അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് - 2,87,000 രൂപ

04-1—യാത്രാബത്ത - 3,00,000 രൂപ

05-3—ടെലഫോൺ ചെലവ് - 2,00,000 രൂപ

05-4— മറ്റിനങ്ങൾ - 1,85,000 രൂപ

2014-00-102-99—ഹൈക്കോടതി

വിഹിതം - 123,43,14,000 രൂപ

23. അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയുടെ പരിശോധനയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-4- മെഡിക്കൽ റീഇംബേഴ്സ്മെന്റ് - 26,90,000 രൂപ

04-1-യാത്രാബത്ത - 14,08,000 രൂപ

21-1-മോട്ടോർ വാഹനങ്ങൾ - വാങ്ങൽ - 1,95,99,000 രൂപ

2014-00-103-98—പൗരാവകാശ സംരക്ഷണ നിയമം/പട്ടികജാതി, പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ/പ്രത്യേക കോടതികൾ/ ബെഞ്ചുകൾ (50% കേന്ദ്രാവിഷ്കൃതം) (പദ്ധതി)

വിഹിതം - 4,30,00,000 രൂപ

24. മാനന്തവാടി കോടതിയിൽ കുടുംബശ്രീ യൂണിറ്റിൽ നിന്നും നിയോഗിക്കുന്ന കാഷ്വൽ സ്വീപ്പർക്കുള്ള വേതനം നൽകുന്നതിനായി നിലവിൽ തുക അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 02-വേതനം എന്നയിനത്തിൽ 72,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-105-99— സിവിലും സെഷൻസും കോടതികൾ

99—വിവരസാങ്കേതികവിദ്യ

വിഹിതം - 50 ലക്ഷം രൂപ

25. കീഴ്കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാർക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1,64,30,000 രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-105-98—മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകൾ

വിഹിതം - 30,25,27,000 രൂപ

26. പുതിയതായി ആരംഭിച്ച തളിപ്പറമ്പ് കോടതിക്ക് വാഹനം വാങ്ങുന്നതിനായി തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 21-മോട്ടോർ വാഹനങ്ങൾ വാങ്ങൽ എന്നയിനത്തിൽ 7 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-800-87—സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കൽ

വിഹിതം - 50,00,000 രൂപ

27. G.O.(Rt.) No.437/17/Home തീയതി 21-2-2017-ലെ ഉത്തരവ് പ്രകാരം കീഴ്കോടതികളിൽ 117 കമ്പ്യൂട്ടറുകളും പ്രിന്ററുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 31,90,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-800-88—ഗ്രാമന്യായാലയം

വിഹിതം - 14,31,02,000 രൂപ

28. പുതിയതായി പ്രവർത്തനം ആരംഭിച്ച ഇരിട്ടി ഗ്രാമന്യായാലയം പ്രവർത്തിക്കുന്ന കെട്ടിടത്തിൽ അറ്റകുറ്റപ്പണിയ്ക്കായി 18-സംരക്ഷണം എന്ന ഇനത്തിൽ 16,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-800-82—പുതിയ താൽക്കാലിക അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന്

വിഹിതം - 1,000 രൂപ

29. പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 45 പുതിയ താൽക്കാലിക അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് 18,86,99,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിൽ ന്യൂ സർവ്വീസ് പ്രൊസീജ്യർ പ്രകാരം പുതിയ ശീർഷകത്തിൽ താഴെപ്പറയുന്ന ഇനങ്ങൾക്ക് തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| വിവര സാങ്കേതിക വിദ്യ അധിഷ്ഠിത കോടതികൾക്കു വേണ്ടി സാങ്കേതിക ജ്ഞാനമുള്ള മാനവ വിഭവശേഷി വർദ്ധനവ് | - | 2,59,00,000 രൂപ |
| വ്യവഹാര സൗഹൃദമാക്കുന്നതിനുവേണ്ടി നിലവിലുള്ള കോടതികളുടെ പുനർനിർമ്മാണം | - | 15,63,00,000 രൂപ |
| രേഖകളുടെ സ്കാനിംഗും ഡിജിറ്റൈസേഷനും | - | 4,00,00,000 രൂപ |
| ന്യായാധിപരുടെ പരിശീലനവും കാര്യക്ഷമത വർദ്ധിപ്പിക്കലും | - | 1,17,00,000 രൂപ |

**ധനാഭ്യർത്ഥന IV—തെരഞ്ഞെടുപ്പുകൾ**

വോട്ടു ചെയ്യുന്നത് : 43,24,07,000 രൂപ

ചാർജ്ജ് ചെയ്യുന്നത് : ഇല്ല

**ഇലക്ഷൻ വകുപ്പ്**

2015—തെരഞ്ഞെടുപ്പുകൾ

2015-00-103-99—നിയമസഭയും പാർലമെന്റും

വിഹിതം - 19,62,29,000 രൂപ

31. ഇലക്ടറൽ റോൾ മാനേജ്മെന്റ് സിസ്റ്റ (Electoral Roll Management System)ത്തിനായി ഈ വർഷം നടത്താനുദ്ദേശിച്ചിട്ടുള്ള കേന്ദ്രീകൃത ഡാറ്റാ മാനേജ്മെന്റിനും അതിന്റെ മെയിന്റനൻസിനുമായി അധിക ചെലവ് വേണ്ടിവരുമെന്നും ബൂത്ത് ലെവൽ ഓഫീസർമാർക്ക് നൽകേണ്ട വാർഷിക റെമ്യൂണറേഷനു പുറമേ ഫോം വെരിഫിക്കേഷൻ ഇനത്തിൽ നൽകേണ്ട പ്രതിഫലവും ട്രെയിനിംഗ് ക്ലാസ്സിൽ പങ്കെടുത്തതിന്റെ ബത്തയും NERP പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രതിഫലവും നൽകേണ്ടതുണ്ടെന്നും സമിതി മനസിലാക്കുന്നു. ആയതിനാൽ 18,37,71,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2015-00-108-99—സമ്മതിദായകർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള ചെലവ്

വിഹിതം - 5 കോടി രൂപ

32. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം നടത്തിവരുന്ന നാഷണൽ ഇലക്ടറൽറോൾ പ്യൂരിഫിക്കേഷൻ പ്രോഗ്രാം (NERP) പ്രകാരം ഇലക്ടറൽ റോളിന്റെ ശുദ്ധീകരണ പ്രക്രിയയും 2017-18 വർഷത്തിൽ കളർ ഫോട്ടോ പതിച്ച പ്ലാസ്റ്റിക് ഇലക്ടറൽ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പ്രക്രിയയും നടന്നുവരികയാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ 5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2015-00-101-99—സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

34—മറ്റു ചെലവുകൾ

3—മറ്റിനം

വിഹിതം - 50,000 രൂപ

33. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഇ-ഓഫീസ് പ്രവർത്തനം ആരംഭിക്കേണ്ടതിനാലും കൂടാതെ സ്റ്റേഷനറി വകുപ്പ് നാളിതുവരെ സൗജന്യമായി അനുവദിച്ചിരുന്ന പേപ്പർ ഉൾപ്പെടെയുള്ള സ്റ്റേഷനറി സാധനങ്ങൾക്ക് 2016-17 മുതൽ വില നൽകേണ്ടതിനാലും ഈ ഇനത്തിൽ 3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2015-00-109-99—പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്

വിഹിതം - 1,10,00,000 രൂപ

34. 2015-ലെ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഇ.വി.എം ചെക്കിംഗ് നടത്തിയതിന് ഇ.സി.ഐ.എൽ. എഞ്ചിനീയർമാർക്ക് കൊടുത്തുതീർക്കാനുള്ള ബാധ്യതയായ 70 ലക്ഷം രൂപയും, മട്ടന്നൂർ നഗരസഭാ പൊതു തെരഞ്ഞെടുപ്പിലേക്കും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഉപ തെരഞ്ഞെടുപ്പുകൾക്കും കൂടാതെ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 6.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XII—പോലീസ്

വോട്ട് ചെയ്തത്: 3884,65,70,000 രൂപ

ചാർജ്ജ് ചെയ്തത്: 5,10,09,000 രൂപ

2055—പോലീസ്

2055-00-001—ഭരണവും നടത്തിപ്പും

99—മേൽനോട്ടം

04—യാത്രാ ചെലവുകൾ -1 യാത്രാബത്ത

വിഹിതം - 72,50,000 രൂപ

35. പോലീസ് ആസ്ഥാനത്തേയും, സോണൽ ഓഫീസിലേയും, റേഞ്ച് ഐ.ജി ഓഫീസിലേയും യാത്രാബത്ത മേൽ ശീർഷകത്തിൽ നിന്നായതിനാൽ 7,50,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

വിഹിതം - 7,65,000 രൂപ

36. പോലീസ് ആസ്ഥാനത്തേയും, സോണൽ ഓഫീസിലേയും, റേഞ്ച് ഐ.ജി. ഓഫീസുകളിലേയും വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതും ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതും മേൽ ശീർഷകത്തിൽ നിന്നായതിനാൽ 57,35,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18—സംരക്ഷണം

വിഹിതം - 20 ലക്ഷം രൂപ

37. പോലീസ് ആസ്ഥാനത്തേയും, സോണൽ ഓഫീസിലേയും, റേഞ്ച് ഐ.ജി. ഓഫീസിലേയും അറ്റകുറ്റപ്പണികൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 1 കോടി 30 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21—മോട്ടോർ വാഹനങ്ങൾ - 1 വാഹനം വാങ്ങൽ

വിഹിതം - ഇല്ല

38. പോലീസ് വകുപ്പിന്റെ ആവശ്യത്തിലേക്കായി പുതിയ 248 ബസ്സുകളും കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനത്തിനായി 36 പുതിയ വാഹനങ്ങളും വാങ്ങുന്നതിലേക്കായി ഈ ഇനത്തിൽ 48,82,50,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45—പി.ഒ.എൽ.

വിഹിതം - 1 കോടി രൂപ

39. പോലീസ് ആസ്ഥാനത്തേയും, സോണൽ ഓഫീസിലേയും, റേഞ്ച് ഐ.ജി. ഓഫീസിലേയും വാഹനങ്ങളുടെ ഇന്ധന ചെലവിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ഇനത്തിൽ 3,81,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-003-99—പോലീസ് പരിശീലന സ്കൂളുകളും കോളേജുകളും

04—യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം - 6,50,000 രൂപ

40. മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവ) നൽകേണ്ടതായിട്ടുള്ളതിനാൽ ഈ ഇനത്തിൽ 8,50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ - 1 വെള്ളക്കരം

വിഹിതം - 6 ലക്ഷം രൂപ

41. നിലവിൽ 9,00,000 രൂപയോളം ടി ശീർഷകത്തിൽ കുടിശ്ശിക ബാദ്ധ്യതയുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 9,00,000 രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

വിഹിതം - 8 ലക്ഷം രൂപ

42. പോലീസ് ട്രെയിനിംഗ് കോളേജിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും പരിശീലന പരിപാടികളുമായി ബന്ധപ്പെട്ട ഓഫീസ് ആവശ്യത്തിനുള്ള സ്റ്റേഷനറി മുതലായ സാധനങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾക്കായി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17—ചെറുകിട മരാമത്ത് പണികൾ

വിഹിതം - 1,000 രൂപ

43. പോലീസ് ട്രെയിനിംഗ് കോളേജിലെ ചെറുകിട മരാമത്ത് പണികൾക്ക് 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21—മോട്ടോർ വാഹനങ്ങൾ - 2 സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം - 5 ലക്ഷം രൂപ

44. പോലീസ് ട്രെയിനിംഗ് കോളേജിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 2,37,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-003-98— കേരള പോലീസ് അക്കാഡമി

04—യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം - 17,50,000 രൂപ

45. മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവ) തീർക്കേണ്ടതായിട്ടുള്ളതിനാൽ ഈ ഇനത്തിൽ 9,50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

വിഹിതം - 16 ലക്ഷം രൂപ

46. കേരള പോലീസ് അക്കാഡമിയിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും പരിശീലന പരിപാടികളുമായി ബന്ധപ്പെട്ട ഓഫീസ് ആവശ്യത്തിനുള്ള സ്റ്റേഷനറി മുതലായ സാധനങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾ വഹിക്കേണ്ടതിനാൽ ഈ ഇനത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18—സംരക്ഷണം

വിഹിതം - 60 ലക്ഷം രൂപ

47. കേരള പോലീസ് അക്കാഡമിയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി 2,40,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34—മറ്റു ചെലവുകൾ - 3 മറ്റിനം

വിഹിതം - 53,30,000 രൂപ

48. പോലീസ് സേനയിലെ സിവിൽ പോലീസ് ഓഫീസർ, വനിതാ പോലീസ് ഓഫീസർ, ഡ്രൈവർ, ടെലികമ്മ്യൂണിക്കേഷൻ വിംഗ് എന്നീ തസ്തികകളിൽ നടന്നു വരുന്ന പരിശീലനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ഇനത്തിൽ 23,70,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

വിഹിതം - 10 കോടി രൂപ

49. പോലീസ് സബ് ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്), ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ തസ്തികകളിലെ പരിശീലനാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റ് നൽകേണ്ടതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ 13 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-101-99—കുറ്റാന്വേഷണ വിഭാഗം

05—ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

വിഹിതം - 20 ലക്ഷം രൂപ

50. വിവിധ ഓഫീസ് ചെലവുകൾക്ക് പുറമേ ക്രൈം കേസുമായി ബന്ധപ്പെട്ട് വിവിധ ടെസ്റ്റുകൾ നടത്തുന്നതിനുള്ള ചെലവ് എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18 —സംരക്ഷണം

വിഹിതം - 3 ലക്ഷം രൂപ

51. സി.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 7 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-101-98—സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.

04—യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം - 2,02,50,000 രൂപ

52. മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവ) തീർക്കേണ്ടതിനാൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 3,72,50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ- 4 മറ്റിനങ്ങൾ

വിഹിതം - 35 ലക്ഷം രൂപ

53. എസ്.ബി.സി.ഐ.ഡി. യിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും ഓഫീസ് ആവശ്യത്തിനുള്ള സ്റ്റേഷനറി മുതലായ സാധനങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനായി ഈ ഇനത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18 —സംരക്ഷണം

വിഹിതം - 2,10,000 രൂപ

54. എസ്.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി 7,90,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-104-99—സായുധ പോലീസ്

04—യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം - 95 ലക്ഷം രൂപ

55. ഗോവ, ഉത്തർപ്രദേശ് നിയമസഭാ ഇലക്ഷനും, ശബരിമല ഡ്യൂട്ടി സംബന്ധമായി 8 ബറ്റാലിയനുകളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കുന്നതിനായി 28-2-2017 വരെ ഏകദേശം 1,60,00,000 രൂപ കുടിശ്ശിക ബാധ്യതയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കുടിശ്ശിക തീർക്കുന്നതിനായി 1 കോടി 60 ലക്ഷം അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ - 1 വെള്ളക്കരം

വിഹിതം - 55 ലക്ഷം രൂപ

56. മുൻകാല കുടിശ്ശിക തീർക്കുന്നതിലേക്കായും ഈ സാമ്പത്തിക വർഷത്തിലെ ചെലവിനായും ഈ ഇനത്തിൽ 45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

വിഹിതം - 97,75,000 രൂപ

57. ബറ്റാലിയനിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും ഓഫീസ് ചെലവുകൾക്കും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1,02,25,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18—സംരക്ഷണം

വിഹിതം - 1,32,00,000 രൂപ

58. ബറ്റാലിയനുകളിൽ ഭരണാനുമതി ലഭിച്ച അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനായി 8,68,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34—മറ്റു ചെലവുകൾ - 3 മറ്റിനം

വിഹിതം - 65 ലക്ഷം രൂപ

59. കേരളത്തിലെ 8 ബറ്റാലിയൻ യൂണിറ്റുകളിലെയും ഗസ്റ്റ് അദ്ധ്യാപകർക്കുള്ള പ്രതിഫലം, പരിശീലനത്തിനായി പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന പോലീസ് ട്രെയിനികളുടെ മെഡിക്കൽ ടെസ്റ്റുകൾ നടത്തുന്ന ഓഫീസർമാർക്കുള്ള പ്രതിഫലം, സ്തുത്യർഹമായ സേവനത്തിനുള്ള മെഡലുകൾ, റിവാർഡുകൾ, പോലീസ് സേനയിലെ കായിക താരങ്ങൾക്കുള്ള ഡയറ്റ് അലവൻസ് തുടങ്ങിയ ചെലവുകളെല്ലാം തന്നെ നിർവ്വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ബറ്റാലിയനുകളുടെ പരിശീലനവുമായി ബന്ധപ്പെട്ട പരിപാടികളുടെ സുഗമമായ നടത്തിപ്പിന് മേൽ ശീർഷകത്തിൽ അധിക തുകയായി 1,35,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19—യന്ത്രോപകരണങ്ങൾ

വിഹിതം - ഇല്ല

60. ബറ്റാലിയൻ യൂണിറ്റുകളിൽ കട്ടിലുകൾ വാങ്ങുന്നതിനായി 12 കോടി രൂപ ബറ്റാലിയൻ ഹെഡുകളിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-104-98—ഇന്ത്യ റിസർവ് ബറ്റാലിയൻ

04—യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം - 15 ലക്ഷം രൂപ

61. ഇന്ത്യാ റിസർവ് ബറ്റാലിയന്റെ പരിശീലനത്തിനായി സംസ്ഥാനത്തിന് അകത്തും പുറത്തും സേനാംഗങ്ങൾക്ക് യാത്ര ചെയ്യേണ്ടിവരുന്നത് കണക്കിലെടുത്തും, ശബരിമല, ഇലക്ഷൻ ഡ്യൂട്ടി സംബന്ധിച്ച് 28-2-2017 വരെ 73,30,000 രൂപ കുടിശ്ശിക ബാദ്ധ്യതയുള്ളതിനാൽ 2,58,30,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ- 4 മറ്റിനങ്ങൾ

വിഹിതം - 11,50,000 രൂപ

62. ഐ.ആർ. ബറ്റാലിയനിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് ചാർജ്ജ്, ഓഫീസ് ആവശ്യത്തിനുള്ള സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിന്റെ ചെലവ് എന്നിവയ്ക്കായി 17,50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18—സംരക്ഷണം

വിഹിതം - 29,000 രൂപ

63. ഐ.ആർ. ബറ്റാലിയനിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 2,46,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21—മോട്ടോർ വാഹനങ്ങൾ - 2 സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം - 5,75,000 രൂപ

64. ഐ.ആർ. ബറ്റാലിയന്റെ വാഹനങ്ങളും ആന്റി നക്സൽ ഓപ്പറേഷന് ഉപയോഗിക്കുന്ന വാഹനങ്ങളുടേയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് 6,77,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34—മറ്റു ചെലവുകൾ - 3 മറ്റിനം

വിഹിതം - 17 ലക്ഷം രൂപ

65. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45—പി.ഒ.എൽ.

വിഹിതം - 25 ലക്ഷം രൂപ

66. ഐ. ആർ. ബറ്റാലിയന്റെ വാഹനങ്ങളും മാവോയിസ്റ്റ് വേട്ടയ്ക്ക് നിയോഗിച്ചിട്ടുള്ള തണ്ടർബോൾട്ട് കമാന്റോകളുടെ വാഹനങ്ങളുടെ ഇന്ധനചെലവും വഹിക്കുന്നതിനായി 7,12,07,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-109-99—ജില്ലാ സേന

04—യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം - 27,15,24,000 രൂപ

67. മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക ഇനത്തിൽ 6,10,00,000 നൽകേണ്ടതിനാൽ 16,94,76,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ - 1 വെള്ളക്കരം

വിഹിതം - 93,50,000 രൂപ

68. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2,31,50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

വിഹിതം - 4,83,00,000 രൂപ

69. പോലീസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും മറ്റ് ഓഫീസ് ചെലവുകൾക്കും ബഡ്ജറ്റ് വിഹിതത്തിലെ തുക അപര്യാപ്തമായതിനാൽ 1,50,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17—ചെറുകിട മരാമത്തുപണികൾ

വിഹിതം - 82,50,000 രൂപ

70. പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെയും ജില്ലാ പോലീസ് ഓഫീസ് കെട്ടിടങ്ങളുടെയും മരാമത്തുപണികൾക്കായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 26,15,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18—സംരക്ഷണം

വിഹിതം - 1,15,50,000 രൂപ

71. 32 പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനും പോലീസ് സ്റ്റേഷനുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനുമായി 32,00,00,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 36,34,50,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19—യന്ത്രോപകരണങ്ങൾ

വിഹിതം - 72,60,000 രൂപ

72. 2017-18 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 52,40,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21—മോട്ടോർ വാഹനങ്ങൾ - 2 സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം - 6,44,00,000 രൂപ

73. പോലീസ് സ്റ്റേഷനുകളിലെയും ജില്ലാ പോലീസ് ഓഫീസുകളിലെയും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 72,36,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-111-99—റെയിൽവേ പോലീസ്

04—യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം - 95,00,000 രൂപ

74. മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കടിശ്ശിക നൽകേണ്ടതിനാൽ 1,93,40,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45—പി.ഒ.എൽ

വിഹിതം - 11,50,000 രൂപ

75. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 13,92,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-112-98—തീരദേശ പോലീസ് സ്റ്റേഷനുകൾ

04—യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം - 7,50,000 രൂപ

76. ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവയുടെ ടി.എ. ബില്ലുകളുടെ കടിശ്ശിക തീർക്കേണ്ടതുള്ളതിനാൽ 5,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21—മോട്ടോർ വാഹനങ്ങൾ - 2 സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം - 6,00,000 രൂപ

77. തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് അനുവദിച്ചിട്ടുള്ള വാഹനങ്ങൾ, ബോട്ടുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തീകരിക്കുന്നതിനായി 18,88,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-114-99—വയർലെസ് യൂണിറ്റ്

04—യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം - 80,00,000 രൂപ

78. മുൻവർഷങ്ങളിലെ ടി.എ ബില്ലുകളുടെ കടിശ്ശിക തീർക്കേണ്ടതുള്ളതിനാൽ ഈ ഇനത്തിൽ 3,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-114-98 —കമ്പ്യൂട്ടർ സെന്റർ

05—ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

വിഹിതം - 6,15,000 രൂപ

79. വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും ഓഫീസ് ആവശ്യത്തിനുള്ള സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 18,85,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34—മറ്റു ചെലവുകൾ - 3 മറ്റിനം

വിഹിതം - 40,000/- രൂപ

80. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 4,60,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45—പി.ഒ.എൽ.

വിഹിതം - 1,32,000 രൂപ

81. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 11,74,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-116-99—ഫോറൻസിക് സയൻസ്

18—സംരക്ഷണം

വിഹിതം - 1,000 രൂപ

82. ഫോറൻസിക് സയൻസ് ലാബിന്റെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി 15,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4055—പോലീസ് സംബന്ധിച്ച മൂലധന ചെലവുകൾ

4055-00-207-97—മറ്റു കെട്ടിടങ്ങൾ

01—വൻകിട മരാമത്തുപണികൾ

വിഹിതം - 1,000 രൂപ

83. 13 പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 13 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2062—വിജിലൻസ്

2062-00-104-98—വിജിലൻസ് വകുപ്പിന്റെ നവീകരണം (പദ്ധതി)

വിഹിതം - 4,50,00,000 രൂപ

84. ഒരു കോടി രൂപയ്ക്കു മുകളിലുള്ള അഴിമതികൾ തെളിവുസഹിതം വെളിച്ചത്ത് കൊണ്ടുവരുന്ന വ്യക്തിക്ക് 5 ലക്ഷം രൂപവീതം ഓരോ വർഷവും 25 പേർക്ക് മുഖ്യമന്ത്രിയുടെ വിസിൽ ബ്ലോവേഴ്സ് അവാർഡ് നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 1.15 കോടി രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2062-00-104-99—വിജിലൻസ്

വിഹിതം - 83,45,63,000 രൂപ

05-4—മറ്റിനങ്ങൾ

വിഹിതം - 57,50,000 രൂപ

85. നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 5 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06—<u>വാടക, കരം, നികുതി</u>

വിഹിതം - 40 ലക്ഷം രൂപ

86. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മലപ്പുറം, SIU I, SIU II, Spl.Cell Tvm, TSR, IDK, TVM, ALA, KKD, ALA, TSRY, MVPZA തുടങ്ങിയ ഓഫീസുകളിലെ വാടക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ <u>10 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

04-2—<u>സ്ഥലംമാറ്റബത്ത</u>

വിഹിതം - 2,00,000 രൂപ

87. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ <u>രണ്ട് ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2062-00-105-94—<u>എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്,കോട്ടയം</u>

വിഹിതം - 89,54,000 രൂപ

05—<u>ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ</u>

വിഹിതം - 75,000 രൂപ

88. ഓഫീസ് ഷിഫ്റ്റിംഗ് ചാർജ്, സാക്ഷിപ്പടി കുടിശ്ശിക, ജേർണൽ ബൈൻഡിംഗ് ചാർജ് എന്നീ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ <u>75,000 രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2062-00-105-97—<u>എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ</u>

വിഹിതം - 88,74,000 രൂപ

89. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ കമ്പ്യൂട്ടർവൽക്കരണത്തിലേയ്ക്കായി <u>5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2062 -00- 105-99—<u>വിജിലൻസ് ട്രൈബ്യൂണൽ, തിരുവനന്തപുരം</u>

വിഹിതം - 100,86,000 രൂപ

90. ഓഫീസ് കെട്ടിടവാടക, ക്വാർട്ടേഴ്സ് വാടക, പുതിയ ഫോട്ടോ കോപ്പിയർ വാങ്ങുക എന്നീ ആവശ്യങ്ങൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ <u>7,51,380 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2062-00-103-99—കേരള ലോകായുക്ത

വിഹിതം - 502,08,000 രൂപ

04—യാത്രാചെലവുകൾ - 4 അവധി യാത്രാനുകൂല്യം

വിഹിതം - 50,000 രൂപ

91. ലോകായുക്ത, ഉപലോകായുക്ത, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവർക്ക് അവധി യാത്രാനുകൂല്യം നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 19 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

വിഹിതം- 12,00,000 രൂപ

92. ലോകായുക്ത, ഉപലോകായുക്ത, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവരുടെ ഔദ്യോഗിക വസതികളുടെ വാടകയിനത്തിലെ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 36 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-1—വാഹനം വാങ്ങൽ

വിഹിതം - ഇല്ല

93. ഇൻവെസ്റ്റിഗേഷൻ ഏജൻസിയിലെ ജോലിയുടെ സ്വഭാവം കണക്കിലെടുത്ത് പുതിയ വാഹനം വാങ്ങുന്നതിനും ഉപലോകായുക്തയ്ക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിനുമായി 49 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XIII—ജയിലുകൾ

വോട്ട് ചെയ്തത് : 137,37,99,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2056—ജയിലുകൾ

2056-00-001-89—സെൻട്രൽ ജയിലുകളിലെ ടെട്രാ കമ്മ്യൂണിക്കേഷൻ സംവിധാനം നടപ്പിലാക്കൽ

വിഹിതം - 1,000 രൂപ

94. തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നീ 3 സെൻട്രൽ ജയിലുകളിൽ ടെട്രാ കമ്മ്യൂണിക്കേഷൻ സംവിധാനം സ്ഥാപിക്കുന്നതിനുവേണ്ടി 2 കോടി 30 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും 1 കോടി രൂപ 2016-17 SDG ഫൈനൽ ബാച്ച് മുഖേന വകയിരുത്തിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 1,30,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2056-00-001-99—ജയിലുകൾ

34—മറ്റു ചെലവുകൾ - 3 മറ്റിനം

വിഹിതം - 10,00,00,000 രൂപ

95. തടവുകാരുടെ വേതനം, ചികിത്സാ ചെലവുകൾ, മരുന്ന് എന്നിവയുടെ ചെലവ് വഹിക്കുന്ന ടി ശീർഷകത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഫണ്ടിന്റെ അഭാവത്താൽ 2 കോടി രൂപയുടെ ബില്ലുകൾ പെൻഡിംഗിലാണ്. തടവുകാരുടെ വേതനം 2-3-2016 തീയതിയിലെ 78/16/ആഭ്യന്തരം എന്ന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പരിഷ്കരിച്ചതുമൂലവും തടവുകാരുടെ ചികിത്സാചെലവ്, മരുന്ന് എന്നിവയിലുണ്ടാകുന്ന വർദ്ധനവ് മൂലവും ടി ശീർഷകത്തിൽ അധിക തുക ആവശ്യമായിവരുന്നു. കൂടാതെ 3 സെൻട്രൽ ജയിലുകളിലും 3 ജില്ലാ ജയിലുകളിലും സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി. സംവിധാനത്തിന്റെ വാർഷിക മെയിന്റനൻസ് കരാറിന് നൽകുവാനുള്ള 1 കോടി 50 ലക്ഷം രൂപകൂടി ടി ശീർഷകത്തിൽനിന്നും ചെലവ് വഹിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56—ഭക്ഷണവും ധനസഹായവും

വിഹിതം - 22,00,00,000 രൂപ

96. ജയിലുകളിൽ ദേശീയ ഭക്ഷ്യസുരക്ഷാനിയമം നടപ്പിലാക്കിയതോടുകൂടി എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് പ്രകാരം ബി.പി.എൽ നിരക്കിൽ ലഭിച്ചുകൊണ്ടിരുന്ന റേഷൻ പൂർണ്ണമായും നിർത്തലാക്കിയതിനാൽ മാർക്കറ്റ് വിലയ്ക്ക് റേഷൻ സാധനങ്ങൾ വാങ്ങേണ്ടിവരുന്നതിനാലും തടവുകാരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും ആഹാരസാധനങ്ങളുടെയും മറ്റു ദൈനംദിന പദാർത്ഥങ്ങളുടെയും വിലയിലുണ്ടാകുന്ന അടിക്കടി വർദ്ധനവുംമൂലമുണ്ടാകുന്ന ചെലവും കണക്കാക്കുമ്പോൾ അധിക തുകയായി 6 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2056-00-001-98—ജയിലുകൾ നവീകരിക്കുന്നതിന് (പദ്ധതി)

വിഹിതം - 1,00,00,000 രൂപ

97. ഓഫീസ് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും ഇ-ഫയൽ മാനേജ്മെന്റ് സംവിധാനം (IAPS) ജയിൽ വകുപ്പിന്റെ വിവിധ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിനും ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

വോട്ട് ചെയ്യുന്നത് : 498,04,67,000 രൂപ

ചാർജ്ജ് ചെയ്യുന്നത് : ഇല്ല

2058—സ്റ്റേഷനറിയും അച്ചടിയും

2058-00-001-99—നടത്തിപ്പ്

വിഹിതം - 12,42,95,000 രൂപ

98. അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയുടെ പരിശോധനയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 04—യാത്രാചെലവുകൾ | - | 6,25,000 രൂപ |
| 05—ഓഫീസ് ചെലവുകൾ | - | 4,50,000 രൂപ |
| 26—ഔദ്യോഗികഭാഷാ പ്രയോഗം | - | 5,000 രൂപ |
| 21-1—വാഹനം വാങ്ങൽ | - | 10,00,000 രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 1,62,000 രൂപ |
| 45—പി.ഒ.എൽ. | - | 2,93,000 രൂപ |
| 99—വിവരസാങ്കേതിക വിദ്യ | - | 19,99,000 രൂപ |

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

വിഹിതം - 21,60,25,000 രൂപ

99. നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലെ 18-സംരക്ഷണം എന്നയിനത്തിൽ 5,50,000 രൂപയും 19-യന്ത്രോപകരണങ്ങൾ എന്നയിനത്തിൽ 17,00,000 രൂപയും 24-സാധനസാമഗ്രികൾ എന്നയിനത്തിൽ 24,00,00,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2058-00-103-99—ഗവൺമെന്റ് പ്രസ്സുകൾ

വിഹിതം - 122,55,55,000 രൂപ

100. അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 01-6—ഓവർ ടൈം അലവൻസ് | - | 5,00,00,000 രൂപ |
| 05-4—മറ്റിനങ്ങൾ | - | 15,00,000 രൂപ |
| 02—വേതനം | - | 15,00,000 രൂപ |
| 18—സംരക്ഷണം | - | 60,00,000 രൂപ |
| 21-1—മോട്ടോർ വാഹനങ്ങൾ വാങ്ങൽ | - | 60,00,000 രൂപ |
| 24—സാധനസാമഗ്രികൾ | - | 1,50,00,000 രൂപ |

2070—മറ്റു ഭരണപരമായ സർവ്വീസുകൾ ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ്

2070-00-119-97—ഭരണഭാഷ നടപ്പാക്കൽ

34—മറ്റു ചെലവുകൾ - 3 മറ്റിനം

വിഹിതം - 2 ലക്ഷം രൂപ

101. സംസ്ഥാന ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് 98 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-003-97—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം -ശമ്പളേതരം (പദ്ധതി)

വിഹിതം - 700,00,000 രൂപ

102. ഐ.എം.ജി തിരുവനന്തപുരത്തും, കൊച്ചിയിലും, കോഴിക്കോട്ടുമുള്ള മേഖലാ കേന്ദ്രങ്ങളിലും ഹോസ്റ്റൽ സൗകര്യം വിപുലപ്പെടുത്തുക, ക്ലാസ് റൂം സൗകര്യവും, പരിശീലന ഉപകരണങ്ങളും മെച്ചപ്പെടുത്തുകയും, വാങ്ങുകയും ചെയ്യുക, പുതിയ കമ്പ്യൂട്ടർ ലാബുകൾ

സ്ഥാപിക്കുക എന്നീ ആവശ്യങ്ങൾക്ക് നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്ത മായതിനാൽ ഈ ശീർഷകത്തിൽ 22,98,85,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-003-97-31—സഹായധനം-ശമ്പളം

വിഹിതം - 7,23,08,000 രൂപ

103. ശമ്പളവും മറ്റ് ആനുകൂല്യങ്ങളായ ഇ.പി.എഫ്, ഗ്രാറ്റുവിറ്റി, ചികിത്സാ ചെലവ്, യാത്രാബത്ത, പേറിവിഷൻ കടിശ്ശിക തുടങ്ങിയ ആവശ്യങ്ങൾക്ക് അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9,93,35,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-119-98—ഔദ്യോഗികഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ

വിഹിതം - 2,99,29,000 രൂപ

104. അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയുടെ പരിശോധനയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 04-യാത്രാചെലവുകൾ | - | 3,50,000 രൂപ |
| 05-ഓഫീസ് ചെലവുകൾ | - | 1,75,000 രൂപ |
| 06-വാടക, കരം, നികുതി | - | 5,00,000 രൂപ |
| 21-മോട്ടോർ വാഹനങ്ങൾ വാങ്ങൽ | - | 8,00,000 രൂപ |
| 26-ഔദ്യോഗികഭാഷാ പ്രയോഗം | - | 9,000 രൂപ |
| 45-പി.ഒ.എൽ. | - | 59,000 രൂപ |

2070-00-108—ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പ്

99—ഭരണവും നടത്തിപ്പും

വിഹിതം - 3,55,84,000 രൂപ

21-1—വാഹനം വാങ്ങൽ

വിഹിതം - ഇല്ല

105. രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് ആധുനിക വാഹനങ്ങളും യന്ത്രസാമഗ്രികളും വാങ്ങുന്നതിനായി 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-108-98—<u>പ്രതിരോധവും നിയന്ത്രണവും</u>

വിഹിതം - 227,85,72,000 രൂപ

106. അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

| | | |
|---|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 50,00,000 രൂപ |
| 04—യാത്രാചെലവുകൾ 1—യാത്രാബത്ത | - | 50,00,000 രൂപ |
| 05—ഓഫീസ് ചെലവുകൾ 1 - വെള്ളക്കരം | - | 25,00,000 രൂപ |
| 3—ടെലഫോൺ ചെലവ് | - | 5,00,000 രൂപ |
| 4—മറ്റിനങ്ങൾ | - | 20,00,000 രൂപ |
| 17—ചെറുകിട മരാമത്തുപണികൾ | - | 25,00,000 രൂപ |
| 18—സംരക്ഷണം | - | 25,00,000 രൂപ |
| 34—മറ്റ് ചെലവുകൾ 3 - മറ്റിനം | - | 25,00,000 രൂപ |

2070-00-108-97—<u>പരിശീലനം</u>

വിഹിതം - 1,21,99,000 രൂപ

107. വിവിധ ശീർഷകങ്ങളിലായി അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

| | | |
|---|---|---|
| 01-4 —മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 1,00,000 രൂപ |
| 05—ഓഫീസ് ചെലവുകൾ 4—മറ്റിനങ്ങൾ | - | 50,000 രൂപ |
| 21—മോട്ടോർ വാഹനങ്ങൾ | | |
| 2—സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 1,00,000 രൂപ |
| 34—മറ്റ് ചെലവുകൾ 4—മറ്റിനങ്ങൾ | - | 3,00,000 രൂപ |
| 45—പി.ഒ.എൽ | - | 2,00,000 രൂപ |

2070-00-108-96—മറ്റു ചെലവുകൾ

വിഹിതം - 1,60,000 രൂപ

108. ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ജീവനക്കാരുടെ ക്ഷേമനിധിയിലേക്കുള്ള അംശദായം, ജീവനക്കാരുടെ പ്രശസ്ത സേവനത്തിനുള്ള പാരിതോഷികം എന്നീ ചെലവുകൾക്ക് അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-108-94—അഗ്നിശമനസേനാ വകുപ്പിന്റെ നവീകരണം (പദ്ധതി)

വിഹിതം - 40,12,00,000 രൂപ

109. അഗ്നിശമന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളും, അത്യാധുനിക ഉപകരണങ്ങളും വാങ്ങുന്നതിനും അഗ്നിശമനസേനയെ നവീകരിക്കുന്നതിനും വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-108-92—അഗ്നിശമനവും അടിയന്തര സർവ്വീസുകളും ശക്തിപ്പെടുത്തൽ (75% സെൻട്രലി സ്പോൺസേർഡ് സ്കീം)

വിഹിതം - ഇല്ല

110. 2011-12 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 316 ലക്ഷം രൂപ അനുവദിച്ചതിൽ 52,32,503 രൂപ ചെലവാക്കിയതായും 2012-13 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച 2,63,67,000 രൂപ ഭരണപരമായ കാലതാമസം മൂലം ചെലവഴിക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു. എങ്കിലും ഇക്കാര്യത്തിൽ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുന്നത് പരിഗണിച്ച് 2,63,67,000 രൂപ 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-108-91—അഗ്നിശമനസേനാ വകുപ്പിലുള്ള ആസ്തി പരിപാലനം—ആസ്തി പരിപാലന ഫണ്ടിൽ നിന്നുള്ള ചെലവുകൾ

വിഹിതം - 1000 രൂപ

111. അഗ്നിശമന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളും, അത്യാധുനിക ഉപകരണങ്ങളും, വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും, വസ്തുവകകളും ഉൾപ്പെടുന്ന ആസ്തികൾ പരിപാലിക്കുന്നതിനും, അഗ്നിശമന സേനയെ നവീകരിക്കുന്നതിനും സുസജ്ജമാക്കുന്നതിനും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-108-90—ആധുനിക ജീവൻരക്ഷാ സാമഗ്രികൾ, അഗ്നിപ്രതിരോധ വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

വിഹിതം - ഇല്ല

112. 2015-16 വർഷത്തിൽ 9 കോടി 24 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പദ്ധതികൾക്ക് ഈ സാമ്പത്തിക വർഷം തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-107-99—ഹോംഗാർഡ്സ്

വിഹിതം - 33,00,01,000 രൂപ

113. ഹോംഗാർഡ്സുമാരുടെ ഇപ്പോഴത്തെ ദിവസവേതനം 600 രൂപയാണെന്നും നിലവിൽ വകയിരുത്തിയ തുക കൊണ്ട് ഈ സാമ്പത്തിക വർഷം മുഴുവനും വേതനം നൽകാൻ കഴിയുകയില്ലെന്നും സമിതി മനസിലാക്കുന്നു. ആകയാൽ ഈ സാമ്പത്തിക വർഷം 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4058—സ്റ്റേഷനറിയും അച്ചടിയും ഇവയുള്ള മൂലധനചെലവ്

4058-00-800-97—യൂണിറ്റ് ആഫീസുകളുടെ നിർമ്മാണം/സ്ഥലം വാങ്ങൽ (പദ്ധതി)

വിഹിതം - 35,00,000 രൂപ

114. സ്റ്റേഷനറി ആസ്ഥാന കാര്യാലയത്തിൽ നിലവിലുള്ള ഗോഡൗണിന്റെ നവീകരണത്തിനായി ഈ ശീർഷകത്തിൽ 28,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

വോട്ട് ചെയ്തത് : 202,05,98,56,000 രൂപ

ചാർജ്ജ് ചെയ്തത് : 20,00,000 രൂപ

3425—മറ്റു ശാസ്ത്രീയ ഗവേഷണം

3425-60-200-71—കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ-ധനസഹായം (പദ്ധതിയേതരം)

വിഹിതം - 64,97,07,000

115. കൗൺസിലിന്റെ കീഴിലുള്ള 8 ഗവേഷണ സ്ഥാപനങ്ങളിലെയും കൗൺസിൽ കാര്യാലയത്തിലെയും ശാസ്ത്രജ്ഞരുടെയും ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും, ശമ്പളപരിഷ്കരണ കുടിശ്ശിക നൽകുന്നതിനും സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ചിലവുകൾ വഹിക്കുന്നതിനും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 14,47,12,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3425-60-200-71—കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ-(പദ്ധതി)

വിഹിതം - 99,07,00,000 രൂപ

116. കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും, കൗൺസിലിനു കീഴിലെ ഗവേഷണ സ്ഥാപനങ്ങൾക്കായും, കൗൺസിൽ നേരിട്ട് നടത്തുന്ന പരിപാടികൾക്കുമായി 1,32,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIII—വാർത്താവിതരണവും പ്രചരണവും

വോട്ട് ചെയ്തത് : 95,85,52,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2220—വാർത്താവിതരണവും പ്രചരണവും

2220-60-101-97—പരസ്യത്തിനുള്ള ചെലവുകൾ

01—അച്ചടി മാധ്യമം

വിഹിതം - 9,00,00,000 രൂപ

117. വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിൽ നിന്നും പത്രങ്ങളിൽ കൊടുക്കുന്ന ടെൻഡർ പരസ്യങ്ങളുടെയും വിജ്ഞാപനങ്ങളുടെയും പരസ്യക്കൂലി നൽകുന്നതിനായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-01-001-98-21-1—മോട്ടോർ വാഹനങ്ങൾ വാങ്ങൽ

2220-01-001-99-21-1—മോട്ടോർ വാഹനങ്ങൾ വാങ്ങൽ

വിഹിതം - ഇല്ല

118. പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റിലും വകുപ്പിന്റെ അഞ്ച് ജില്ലാ ഓഫീസുകളിലും ആറ് മേഖലാ ഓഫീസുകളിലും 12 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങളാണുള്ളതെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടു. ഇത്തരത്തിലുള്ള ജില്ലാ ഓഫീസുകളിലെ 5 വാഹനങ്ങൾക്കും മേഖലാ ഓഫീസുകളിലെ 6 വാഹനങ്ങൾക്കും ഡയറക്ടറേറ്റിലെ 1 വാഹനത്തിനും പകരമായി പുതിയവ വാങ്ങുന്നതിന് മേൽ ശീർഷകങ്ങളിലായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

വോട്ട് ചെയ്യുന്നത് : 1216,51,40,000 രൂപ

ചാർജ്ജ് ചെയ്യുന്നത് : ഇല്ല

2230—തൊഴിലും തൊഴിൽ സൗകര്യങ്ങളും

2230-01-103-28—പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ

വിഹിതം - 10,00,000 രൂപ

119. കമ്മീഷനിൽ നിലവിലുള്ള ഉദ്യോഗസ്ഥർക്കും പുതിയതായി നിയമിക്കുന്ന ഉദ്യോഗസ്ഥർക്കും ശമ്പളം നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 90 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ

വോട്ട് ചെയ്യുന്നത് : 1435,41,92,000 രൂപ

ചാർജ് ചെയ്യുന്നത് : ഇല്ല

4859—ടെലികമ്മ്യൂണിക്കേഷൻ ഇലക്ട്രോണിക്സ് വ്യവസായങ്ങൾക്കുള്ള മൂലധനച്ചെലവ്

4859-02-004-95—വിവരസാങ്കേതികവിദ്യയ്ക്കായി സ്ഥലമെടുക്കുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും (പദ്ധതി)

വിഹിതം - 83,00,00,000 രൂപ

120. ടെക്നോപാർക്കിന്റെ സ്ഥലമെടുപ്പിനും വികസനത്തിനും വേണ്ടി ഈ ശീർഷകത്തിൽ 13,59,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4859-02-004-96—സൈബർപാർക്ക് (പദ്ധതി)

വിഹിതം- 25,69,00,000 രൂപ

121. 2017-18 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് സൈബർ പാർക്കിന്റെ ആദ്യഘട്ട സ്പിൽ ഓവർ വർക്കുകളും രണ്ടാംഘട്ട (ഫേസ് II) വികസന പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 5,37,86,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4859-02-004-94— ഇൻഫോപാർക്കുകൾ (പദ്ധതി)

വിഹിതം - 66,05,00,000 രൂപ

122. ഇൻഫോപാർക്ക് രണ്ടാംഘട്ട വികസനവുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുത്ത നടപടികളുമായി ബന്ധപ്പെട്ട കേസുകളുടെ തീർപ്പുകൾക്കായി ഈ ശീർഷകത്തിൽ 51,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4859-02-190-93—ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ് (പദ്ധതി)

വിഹിതം - 46,50,00,000 രൂപ

123. രണ്ടാം ഘട്ട നിർമ്മാണം ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ XLI—ഗതാഗതം**

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 521,64,65,000 രൂപ |
| ചാർജ് ചെയ്തത് | : | 50,03,03,000 രൂപ |

3053- സിവിൽ ഏവിയേഷൻ

3053-02-190-99—കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിക്കുള്ള ഗ്രാന്റ്

വിഹിതം - 1000 രൂപ

124. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രൊമോഷൻ സൊസൈറ്റിയുടെ ദൈനംദിന ചിലവുകൾക്കായി 5 ലക്ഷം രൂപയും കെൽട്രോണിന് നൽകേണ്ട തുകയും ഉൾപ്പെടെ ആകെ 18 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5053—സിവിൽ ഏവിയേഷനുള്ള മൂലധനചെലവ്

5053-02-190-97—കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (പദ്ധതി)

വിഹിതം - 1,00,000 രൂപ

125. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള വിഹിതം തീർത്തും അപര്യാപ്തമായതിനാൽ 54,62,78,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5053-02-190-93—കോഴിക്കോട് വിമാനത്താവള വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ (പദ്ധതി)

വിഹിതം- 1,00,000 രൂപ

126. കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി 485.3 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനും നഷ്ടപരിഹാരത്തുക നൽകുന്നതിനും കുടിയൊഴിപ്പിക്കുന്നവർക്ക് വേണ്ടിയുള്ള പുനരധിവാസ പാക്കേജ് അടക്കമുള്ള പ്രവർത്തനങ്ങൾക്കുമായി 275 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7053—സിവിൽ ഏവിയേഷനുള്ള വായ്പകൾ

7053-02-190-99—തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ

വിഹിതം : 1000 രൂപ

127. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി 18.53 ഏക്കർ ഭൂമി അടിയന്തരമായി ഏറ്റെടുത്ത് നൽകുന്നതിനും വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് വിവിധ എൽ.എ.ആർ. കേസുകളിൽ കോടതി വിധിപ്രകാരമുള്ള അധിക തുക നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 203 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പൊതുശിപാർശ**

1. കേരളത്തിൽ മാത്രമാണ് ജഡ്ജിമാർ വാടകവീടുകളിൽ കഴിയുന്നതെന്നും അത് തെറ്റായ സ്വാധീനത്തിന് വഴിവെക്കുമെന്ന ആക്ഷേപത്തിനിടയാക്കുമെന്നും സമിതി നിരീക്ഷിച്ചു. ജഡ്ജിമാർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള ആദ്യപടിയായി സ്ഥലം കണ്ടെത്താൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുവാനും, തുടർ വർഷങ്ങളിൽ കെട്ടിടനിർമ്മാണത്തിനുള്ള തുക വകയിരുത്തുവാനും സമിതി ശിപാർശ ചെയ്യുന്നു.

2. മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിൽ നിലവിൽ ജഡ്ജിയില്ലെന്നും ആയതിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണെന്നും വിലയിരുത്തിയ സമിതി, ട്രൈബ്യൂണലിന്റെ പ്രവർത്തനം അവസാനിപ്പിക്കുവാൻ ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2017 ഏപ്രിൽ 11.

പിണറായി വിജയൻ,
ചെയർമാൻ,
*സബ്ജക്ട് കമ്മിറ്റി XIV.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.